"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഐക്കോൺസ് - ജീവനക്കാര്യം - ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റായി സേവനമനുഷ്ഠിച്ച വരുന്ന ഡോ.മുരുഗൻ സി. നായർ-ടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്

സ.ഉ.(സാധാ) നം.1139/2025/H&FWD തീയതി,തിരുവനന്തപുരം, 23-04-2025

പരാമർശം:-

1. സ.ഉ.(സാധാ) നം.939/2022/ആ.കു.വ. തീയതി 28.04.2022
2. സ.ഉ.(സാധാ) നം.1204/2023/ആ.കു.വ. തീയതി 20.05.2023
3. സ.ഉ.(സാധാ) നം.3177/2023/ആ.കു.വ. തീയതി 01.12.2023
4. സ.ഉ.(സാധാ) നം.540/2024/ആ.കു.വ. തീയതി 23.02.2024
5. സ.ഉ.(സാധാ) നം.1548/2024/ആ.കു.വ. തീയതി 26.06.2024
6. ഐക്കോൺസ് ഡയറക്ടർ (ഇൻ ചാർജ്ജ്) -ന്റെ 27.03.2025 തീയതിയിലെ 554/Estt/2021/ICCONS-Tvpm നമ്പർ കത്ത്
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29.03.2025 തീയതിയിലെ ഇ.ബി.1-8263/2025/ആ.വ.ഡ. നമ്പർ കത്തും നിരാക്ഷേപപത്രവും.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് ആയി ജോലി ചെയ്തു വന്നിരുന്ന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിലെ ജീവനക്കാരനായ ഡോ.മുരുഗൻ സി. നായർ -നെ പരാമർശം 1 പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്)-ൽ ന്യൂറോളജിസ്റ്റായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച ഉത്തരവായിരുന്നു. പരാമർശം 2 പ്രകാരം, 05.05.2023 മുതൽ ടിയാന്റെ അന്യത്രസേവ കാലാവധി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകുകയും കൂടാതെ ഐക്കോൺസ് ഡയറക്ടർ ആയിരുന്ന ഡോ.സഞ്ജീവ് വി. തോമസ് അവധിയിലായിരുന്ന 21.11.2023 മുതൽ 20.02.2024 വരെയുള്ള കാലയളവിൽ പരാമർശം 3 പ്രകാരം ഡോ.മുരുഗൻ സി. നായർ -ന് ഐക്കോൺസ് ഡയറക്ടറുടെ താല്ക്കാലിക ചുമതല നൽകിയും ഉത്തരവായിരുന്നു. ഡോ.സഞ്ജീവ് വി. തോമസ് 04.02.2024-ൽ മരണപ്പെട്ടതിനെ തുടർന്ന് 21.02.2024 മുതൽ ഐക്കോൺസ് ഡയറക്ടറുടെ ചുമതല വീണ്ടും ഡോ.മുരുഗൻ സി. നായർ-ക്ക് നൽകികൊണ്ട് പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം 5 പ്രകാരം ഡോ.മുരുഗൻ സി. നായർ-ടെ ഐക്കോൺസിലെ അന്യത്രസേവന കാലാവധി 05.05.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു. അത്തരത്തിൽ ദീർഘിപ്പിച്ച നൽകിയ അന്യത്ര സേവനകാലാവധി 04.05.2025 തീയതിയിൽ അവസാനിക്കുന്നതിനാൽ തുടർന്നും 05.05.2025 മുതൽ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം 6 പ്രകാരം ഐക്കോൺസ് ഡയറക്ടർ (ഇൻ

ചാർജ്ജ്) സർക്കാരിൽ അഭ്യർത്ഥിക്കുകയുണ്ടായി. ഡോ. മുരുഗൻ സി. നായർ-ടെ ഐക്കോൺസ്-ലെ നിയമനത്തിന്റെ കാലാവധി ഒരു വർഷം കൂടി ദീർഷിപ്പിച്ചു നൽകുന്നതിന് തടസ്സവാദങ്ങൾ ഒന്നും തന്നെയില്ലായെന്ന് സാക്ഷ്യപ്പെടുത്തികൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 7 പ്രകാരം നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടുണ്ട്.

2 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഐക്കോൺസിൽ അന്യത്ര സേവനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ന്യൂറോളജി വിഭാഗം കൺസൽട്ടന്റായ ഡോ. മുരുഗൻ സി. നായരുടെ ഐക്കോൺസിലെ അന്യത്രസേവന കാലാവധി നിലവിലെ അന്യത്രസേവന വ്യവസ്ഥകൾക്ക് വിധേയമായി 05.05.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ (ഇൻ ചാർജ്ജ്), ഐക്കോൺസ്, തിരുവനന്തപുരം
ഡോ.മുരുഗൻ സി. നായർ, ഐക്കോൺസ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/74/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 24-04-2025 13:01:06
സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പി.എസ്.
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

**<u>മേലെഴുത്തു നം. ഇ.ബി1 -8263/2025/ആ.വ.ഡ തീയതി01-05-2025</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 01-05-2025 18:27:48

ആരോഗ്യ വകുപ്പ് ഡയറക്ടർ